**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4302** **06-03-2023 - ൽ മറുപടിയ്ക്ക്**

**ജി.എസ്.ടി. സോഫ്റ്റ്‌വെയർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എം. വിൻസെന്റ് ,<br>ശ്രീ. സജീവ് ജോസഫ്,<br>ശ്രീ. ടി. സിദ്ദിഖ്,<br>ശ്രീമതി ഉമ തോമസ്** | | **ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | ജി.എസ്.ടി. പോർട്ടലിൽനിന്ന് വിവരങ്ങൾ ശേഖരിക്കാൻ ഏതു സോഫ്റ്റ്‌വെയറാണ് സംസ്ഥാനം 2017 മുതൽ ഉപയോഗിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (എ) | ജി.എസ്.ടി. നികുതി നിയമപ്രകാരം രജിസ്ട്രേഷൻ എടുക്കുന്നതിനും റിട്ടേൺ സമർപ്പിക്കുന്നതിനും നികുതി ഒടുക്കുന്നതിനും മറ്റു നടപടികൾക്കുമായി ജി.എസ്.ടി.എൻ. എന്ന കമ്പനി മുഖേന സെൻട്രൽ പോർട്ടൽ ഏർപ്പെടുത്തിയിട്ടുണ്ട്. ജി.എസ്.ടി. പോർട്ടലിൽ നിന്ന് വിവരങ്ങൾ ശേഖരിക്കാൻ രണ്ട് തരത്തിലുള്ള സംവിധാനമാണ് സംസ്ഥാനങ്ങൾക്ക് ഏർപ്പെടുത്തിയിരിക്കുന്നത്. സംസ്ഥാനങ്ങൾക്ക് സ്വന്തമായി ബാക്ക് എൻഡ് സോഫ്റ്റ്‌വെയർ തയ്യാറാക്കി ജി.എസ്.ടി. പോർട്ടലിൽ നിന്നും API മുഖേന ലഭ്യമാകുന്ന വിവരങ്ങൾ ഉപയോഗപ്പെടുത്താനുള്ള സൗകര്യമായ GSTN മോഡൽ 1 സംവിധാനമാണ് സംസ്ഥാനം സ്വീകരിച്ചത്. |
| (ബി) | പ്രസ്തുത സോഫ്റ്റ്‌വെയറിന് പകരം കേന്ദ്രം നിഷ്കർഷിക്കുന്ന ജി.എസ്.ടി.എൻ. മോഡൽ 2 സിസ്റ്റം സോഫ്റ്റ്‌വെയർ ഉപയോഗിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | (ബി) | ചില സാങ്കേതികമായ പ്രശ്നങ്ങളും ഗുണമേന്മയുള്ള മനുഷ്യ വിഭവശേഷി ലഭ്യമാക്കാനുള്ള പ്രശ്നങ്ങളും കാലക്രമേണ GSTN മോഡൽ 2 ബാക്ക് ഓഫീസ് കൈവരിച്ച പുരോഗതി എന്നിവയും പ്രധാനമായും കണക്കിലെടുത്ത് NIC യുടെ പ്രൊജക്റ്റ് തീരുന്ന 5-ാം വർഷം വകുപ്പ് വിശകലനം നടത്തി മോഡൽ 2 ലേക്ക് മാറുവാൻ സർക്കാരിനോട് ശിപാർശ ചെയ്തു. സ്റ്റേറ്റ് എംപവേർഡ് കമ്മിറ്റി സർക്കാർതലത്തിൽ ഇത് പരിശോധിക്കുകയും കേന്ദ്ര സംസ്ഥാന ഗവൺമെന്റുകൾക്ക് ഓഹരി പങ്കാളിത്തമുള്ള GSTN-ന്റെ മോഡൽ 2 ലേക്ക് മാറുവാൻ 03-12-2021-ലെ സർക്കാർ ഉത്തരവ് G.O(Rt) No.832/2021/TAXES പ്രകാരം അനുമതി നൽകുകയും ചെയ്തു. ഇത് പ്രകാരം കേരളം 01/03/2022 മുതൽ മോഡൽ 2 ലേക്ക് മാറുകയുണ്ടായി. |

| | | | |
|---|---|---|---|
| (സി) | മുൻപ് ഉപയോഗിച്ചുകൊണ്ടിരുന്ന സോഫ്റ്റ്‌വെയറിന്റെ ന്യൂനതകൾ എന്തൊക്കെയായിരുന്നുവെന്ന് വിശദമാക്കാമോ; | (സി) | മുൻപ് ഉപയോഗിച്ചുകൊണ്ടിരുന്ന സോഫ്റ്റ്‌വെയർ സംവിധാനത്തിൽ കാര്യമായ ന്യൂനതകൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഈ സോഫ്റ്റ്‌വെയർ സംവിധാനം ഉപയോഗിച്ചാണ് സ്ക്രൂട്ടിനി, അസസ്സ്മെന്റ്, എൻഫോഴ്സ്മെന്റ് എന്നീ പ്രവർത്തികൾ തടസ്സം കൂടാതെ നടന്നിരുന്നത്. എന്നാൽ മോഡൽ 1 സ്വീകരിച്ച സംസ്ഥാനങ്ങൾക്ക് ഒട്ടാകെ GSTN ന്റെ ഭാഗത്തു നിന്ന് API വഴി ഡാറ്റ ലഭിക്കുന്നതിൽ വന്ന ചില ബുദ്ധിമുട്ടുകളും നല്ല പ്രോഗ്രാമിങ് മാൻപവർ ലഭിക്കുന്നതിലുള്ള ബുദ്ധിമുട്ടുകളും ഈ കാലയളവിൽ GSTN മോഡൽ 2 ബാക്ക് ഓഫീസ് സംവിധാനം കൈവരിച്ച പുരോഗതിയുമാണ് കേന്ദ്ര സംസ്ഥാന ഗവൺമെന്റുകൾക്ക് ഓഹരി പങ്കാളിത്തമുള്ള GSTN ന്റെ മോഡൽ 2 ബാക്ക് ഓഫീസ് 2022 മാർച്ച് മാസം മുതൽ തിരഞ്ഞെടുക്കാൻ കാരണമായത്. |
| (ഡി) | മുൻപ് ഉപയോഗിച്ചുകൊണ്ടിരുന്ന സോഫ്റ്റ്‌വെയറിന്റെ ന്യൂനതകൾ കണക്കിലെടുക്കാതെ നാല് വർഷത്തിലേറെ പ്രസ്തുത സോഫ്റ്റ്‌വെയർ ഉപയോഗിക്കാനുണ്ടായ സാഹചര്യം വിശദമാക്കാമോ? | (ഡി) | മുൻപ് ഉപയോഗിച്ചുകൊണ്ടിരുന്ന സോഫ്റ്റ്‌വെയർ സംവിധാനത്തിൽ കാര്യമായ ന്യൂനതകൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഈ സോഫ്റ്റ്‌വെയർ സംവിധാനം ഉപയോഗിച്ചാണ് സ്ക്രൂട്ടിനി, അസസ്സ്മെന്റ്, എൻഫോഴ്സ്മെന്റ് എന്നീ പ്രവർത്തികൾ തടസ്സം കൂടാതെ നടന്നിരുന്നത്. എന്നാൽ മോഡൽ 1 സ്വീകരിച്ച സംസ്ഥാനങ്ങൾക്ക് ഒട്ടാകെ GSTN ന്റെ ഭാഗത്തു നിന്ന് API വഴി ഡാറ്റ ലഭിക്കുന്നതിൽ വന്ന ചില ബുദ്ധിമുട്ടുകളും നല്ല പ്രോഗ്രാമിങ് മാൻപവർ ലഭിക്കുന്നതിലുള്ള ബുദ്ധിമുട്ടുകളും ഈ കാലയളവിൽ GSTN മോഡൽ 2 ബാക്ക് ഓഫീസ് സംവിധാനം കൈവരിച്ച പുരോഗതിയുമാണ് കേന്ദ്ര സംസ്ഥാന ഗവൺമെന്റുകൾക്ക് ഓഹരി പങ്കാളിത്തമുള്ള GSTN ന്റെ മോഡൽ 2 ബാക്ക് ഓഫീസ് 2022 മാർച്ച് മാസം മുതൽ തിരഞ്ഞെടുക്കാൻ കാരണമായത്. |

സെക്ഷൻ ഓഫീസർ